# മാഞ്ചുവട്ടിൽ

'ഒരുകാറ്റും കാറ്റല്ല
പെരുംകാറ്റും കാറ്റല്ല
മാവേലിക്കുന്നത്തെ കാറ്റേ വാ! കടലേ വാ!
കടലേ തട്ടി ഒരു മാങ്ങായെ താ!'

അപ്പോൾ ഒരു കാറ്റടിച്ചു. ആ വരിക്കമാവിന്റെ മാനത്തു മുട്ടുന്ന കൊമ്പുകളിൽ പെട്ടിക്കുലകൾ കിടന്നാടുന്നു.

അവരുടെ ഉത്സാഹം വർദ്ധിച്ചു. അവർ ഒത്തുചേർന്ന് ആർത്തു: 'കാറ്റേ വാ! കടലേ വാ!'

കാറ്റിനു ശക്തി വർദ്ധിച്ചു. ഇലച്ചിലിൽ തട്ടിമുട്ടി എന്തോ താഴത്തു വീഴുന്നു. പാട്ടു പെട്ടെന്നു നിന്നു. മാഞ്ചുവട്ടിൽ ഒരു ക്ഷണം ഒരു ബഹളമായിരുന്നു. ആ വീണ സാധനം ഒരു ബാലികയ്ക്കു കിട്ടി. ഒരു പൊട്ടിച്ചിരി! അത് ഒരു ഉതളങ്ങ ആയിരുന്നു. വളിച്ച മുഖത്തോടെ ആ ബാലിക അതു ദൂരെ വലിച്ചെറിഞ്ഞു. തലതല്ലിച്ചിരിച്ചുകൊണ്ട് ഒരു ബാലൻ ആ രംഗത്തു പ്രത്യക്ഷമായി. എല്ലാവരും പൊട്ടിച്ചിരിച്ചു. ബാലിക കരഞ്ഞുപോയി.

കുസൃതികാട്ടിയ ബാലൻ—അവന്റെ പേർ ബാലകൃഷ്ണൻ എന്നായിരുന്നു—അല്പം അകലെ നിന്നിരുന്ന ഒരു പേരയിൽ ചാടിക്കയറി അതിന്റെ കൊമ്പിൽ തൂക്കിയിട്ടിരുന്ന ഓലക്കൂടിൽനിന്നും ഒരു മാമ്പഴം എടുത്ത് അവളുടെ മുമ്പിൽ എറിഞ്ഞുകൊടുത്തു.

ഒരു ക്ഷണം അവൾ അതെടുക്കുവാൻ മടിച്ചു. അവൾ കുനിഞ്ഞപ്പോഴേക്ക് അതു മറ്റൊരു ബാലൻ എടുത്തുകഴിഞ്ഞു. അപ്പോഴും കൂട്ടമായ ഒരു പൊട്ടിച്ചിരിയുണ്ടായി.

ഗൗരിയും നാരായണനും പാറകൾ പെറുക്കി ഒറ്റയും ഇരട്ടയും കളിച്ചുകൊണ്ടിരുന്നു. നാണിയും ഗോവിന്ദനും കഞ്ഞിയും കറിയും വയ്ക്കുകയാണ്. നീലകണ്ഠനും രാമനും 'അണ്ടിയച്ചന്റെ' സംസ്കാരകർമ്മം നിർവ്വഹിക്കുന്നു. ഉണങ്ങിയ ചെറുചുള്ളികൾകൊണ്ടുണ്ടാക്കിയ പല്ലക്കിൽ ഒരു മാങ്ങായണ്ടിയെടുത്തുവച്ചു മാവിനുചുറ്റും പ്രദക്ഷിണം വയ്ക്കുന്നു. 'അണ്ടിയച്ചൻ ചത്തേ—പുലകുളിച്ചേ—പതിനാറുവീടാൻ ഒരു മാങ്ങായെ താ!'

മുകളിൽ ഒരു കാക്ക കരഞ്ഞു. കുട്ടികൾ കളികൾ നിർത്തി. പേരയിൽ കയറിയിരുന്നവൻ നിലത്തു ചാടി.

'അതു കുഞ്ഞാങ്കാക്കയാണ്.'

'അല്ല. തള്ളക്കാക്കയാണ്.'

'തേ! മാങ്ങ കൊത്തുന്ന കണ്ടോ?'

'മിണ്ടാതെ; കാക്ക പറന്നുപോകും.'





എല്ലാവരും മുകളിലേക്കു നോക്കി നില്ക്കുകയാണ്.

ആ ഇളിഭ്യതപറ്റിയ പെൺകുട്ടി—അവളുടെ പേര് പാപ്പി എന്നാണ്—അല്പം അകലെ നില്ക്കുകയാണ്. അവളുടെ മുഖത്തെ വല്ലായ്മ ഇപ്പോഴും പോയിട്ടില്ല.

ഒരു മാമ്പഴം വീണു. അതു ബാലകൃഷ്ണനു കിട്ടി. മാമ്പഴത്തിന്റെ ഞെട്ടു നുള്ളി മുകളിലേക്കെറിഞ്ഞുകൊണ്ടവൻ പറഞ്ഞു.

'ഈ ചെന എടുത്തോണ്ട്
മറുചെനമാമ്പഴം പാപ്പിക്കു താ!'

അതു സാധാരണ കുട്ടികൾ പറയാറുള്ളത് 'മറുചെനമാമ്പഴം എനിക്കു താ' എന്നാണ്. അങ്ങനെ അവൻ ചെയ്തുപോയ കുസൃതിക്കു പ്രായശ്ചിത്തംചെയ്തു. മറുചെനമാമ്പഴം പാപ്പിക്കു കിട്ടുകയും ചെയ്തു.

അന്തി മയങ്ങിയപ്പോൾ കുട്ടികൾ മാഞ്ചുവട്ടിൽനിന്നും പിരിഞ്ഞു. ബാലനും പാപ്പിയും പരസ്പരം കൈകോർത്തുപിടിച്ചു വീട്ടിലേക്കു തിരിച്ചു. അവന്റെ കൈത്തണ്ടിൽ തൂങ്ങുന്ന കൂടു നിറച്ചു മാമ്പഴമാണ്. അവൾക്ക് ഒന്നു കൂടി അന്നു കിട്ടിയിരുന്നില്ല.

ബാലനും പാപ്പിയും അയൽക്കാരാണ്. അവന്റെ വീടിനു തൊട്ടു പടിഞ്ഞാറേത് അവളുടെ വീടാണ്.

അടുത്ത പൂജവയ്പിന് അവരെ ഇരുവരെയും എഴുത്തിനിരുത്തി. അവർ ഒരുമിച്ചു കിട്ടുവാശാന്റെ എഴുത്തുപള്ളിയിൽ പോകും. ഒരുമിച്ചു തിരിച്ചു വരും. ഓലയിൽ തൂക്കാൻ കയ്യോന്നി അവർ പരസ്പരം കൊടുത്തുപോന്നു. അമ്പലക്കുളത്തിൽനിന്നും ബാലൻ താമരപ്പൂ പാപ്പിക്കു പറിച്ചുകൊടുക്കും.

അവൾ പഠിത്തത്തിനു വലിയ മടയിയായിരുന്നു. ആശാന്റെ തല്ലുകൊള്ളുവാനേ അവൾക്കു സമയമുള്ളൂ. അവൾക്ക് ഒന്നുമറിഞ്ഞുകൂടാ. പക്ഷേ, അവൾ ബാലനെ ഒരു കാര്യത്തിൽ തോല്പിച്ചുപോന്നു.

'അക്കരനില്ക്കും തുഞ്ചാണി
ഇക്കരനില്ക്കും തുഞ്ചാണി
കൂട്ടിമുട്ടും തുഞ്ചാണി—എന്തന്നാ പറ.'

ബാലന് ആ കടം അറിഞ്ഞുകൂടാ. അവൻ പറയും: 'തെങ്ങ്.'

'ഓ!അല്ലേ! ഒരു കടം—' അവൾ ജയിച്ചു കൈകൊട്ടിച്ചിരിക്കും.

'പിന്നെന്തോന്നാ?'

'കൺപോള—ഇപ്പം നാലു കടമായി.'

അവർ തങ്ങളിൽ തല്ലാറുണ്ട്. അവൻ അവളെ മാന്തും. അവൾ കരഞ്ഞുകൊണ്ടു കൊഞ്ഞനംകുത്തും.

'ഇനി ഞാൻ ബാലനോടു മിണ്ടത്തേയില്ല.'

അവളുടെ കുടുംബം പുരാതനമായ ഒന്നായിരുന്നു. അവൾ പറയും:

'നിങ്ങടെ ചോറു ഞങ്ങൾ ഉണ്ണത്തില്ലല്ലോ.'

അവനും ഒന്ന് അഭിമാനിക്കാനുണ്ട്.

'ഞാൻ ഇംഗ്ലീഷു പഠിക്കുമല്ലോ.'

ആറുമാസത്തെ പഠിത്തത്തിനുശേഷം പാപ്പി പള്ളിക്കൂടത്തിൽ പോക്കു നിറുത്തി. അവളുടെ അമ്മാവൻ പറഞ്ഞു:

'അവൾ പോകണ്ട. പെണ്ണുങ്ങൾ പഠിച്ചാൽ കണക്കുചോദിക്കും.'

ബാലൻ അടുത്ത വത്സരത്തിൽ ഒരു പ്രൈമറിസ്കൂളിൽ ചേർന്നു. സ്ലേറ്റും പുസ്തകവുമെടുത്ത് കൊച്ചുമുണ്ടും ഉടുത്ത് അവൻ പള്ളിക്കൂടത്തിൽ പോകുന്നതു പാപ്പി നോക്കിനില്ക്കും. അവൾ ഒരുദിവസം ചോദിച്ചു:

'ബാലാ! പള്ളിക്കൂടത്തിൽ സാറു തല്ലുമോ?'

'പഠിച്ചില്ലേ തല്ലും.'

മാങ്ങയുള്ള കാലത്തു പാപ്പി ബാലനുവേണ്ടി മാങ്ങാ പെറുക്കി സൂക്ഷിച്ചുവയ്ക്കും. വൈകിട്ടു വരുമ്പോൾ അവൾ അവനു കൊടുക്കും.

അവൾക്കു വീട്ടുജോലികൾ വളരെ ചെയ്യാനുണ്ട്. തീ എരിക്കണം, തൊഴുത്തിലെ ചാണകം വാരണം, പാത്രം തേക്കണം; അങ്ങനെ അവൾക്കു കളിക്കുവാൻതന്നെ സമയമില്ലാതായിത്തീർന്നു.

പ്രൈമറിസ്കൂളിലെ പഠിത്തം തീർന്നു. ബാലൻ നാലു മൈൽ അകലെയുള്ള ഇംഗ്ലീഷ്സ്കൂളിൽ ചേർന്നു. അവൻ ഉടുപ്പുമിട്ടുകൊണ്ട് അവന്റെ അച്ഛന്റെകൂടെ അമ്പലപ്പുഴയ്ക്കു പോകുന്നത് അവൾ ശിലാപ്രതിമപോലെ നോക്കിനിന്നു.

'ബാലാ! നീ ഇനി വരത്തില്യോ?' അവൾ ചോദിച്ചു.

'ഞാൻ വെള്ളിയാഴ്ച വരും.'

പാപ്പി കരഞ്ഞുപോയി. അവൻ അമ്പലപ്പുഴെ താമസിക്കുവാൻ പോകുകയാണ്. ആ കൊച്ചു പെണ്ണു നിരുത്സാഹയായിപ്പോയി. ആ വെള്ളിയാഴ്ച വൈകിട്ട് ബാലൻ വന്നു. ഒരു കൂടുനിറയെ മാമ്പഴം അവൾ കൊടുത്തു.

അക്കൊല്ലത്തെ ഇടവപ്പാതി വളരെ ഭയങ്കരമായിരുന്നു. ഒരു വലിയ വെള്ളപ്പൊക്കമുണ്ടായി. ഒന്നരമാസക്കാലം അവൻ വന്നതേയില്ല. ഓരോ വെള്ളിയാഴ്ചയും പാപ്പി ബാലകൃഷ്ണനെ പ്രതീക്ഷിച്ചു. പക്ഷേ, അവൻ വന്നില്ല.

വെള്ളമിറങ്ങിക്കഴിഞ്ഞിട്ട് ബാലൻ വീട്ടിൽ വന്നു. അവന്റെ കൂടെ മറ്റൊരു കുട്ടിയുമുണ്ട്. ശനിയാഴ്ച കഴിഞ്ഞിട്ടും അവൻ പാപ്പിയുടെ വീട്ടിൽചെന്നില്ല. അവൾക്ക് അങ്ങോട്ടു പോകാൻ സമയവുമില്ല. ഞായറാഴ്ച അവൾ അവന്റെ വീട്ടിൽ ചെന്നു. ബാലനും അവന്റെ കൂട്ടുകാരനുംകൂടെ ഇംഗ്ലീഷ് പഠിക്കുന്നു.

മിഡിൽസ്കൂളിലെ നാലുകൊല്ലത്തെ പഠിത്തം കഴിഞ്ഞു. ബാലൻ ഹൈസ്കൂളിൽ ചേർന്നു. അടുത്ത ഓണമൊഴിവിനാണ് അവൻ തിരിച്ചുവന്നത്. ഒരു ചുമട്ടുകാരനെക്കൊണ്ടു പെട്ടിയുമെടുപ്പിച്ച് ഒരു പരിഷ്കാരിയായ പുരുഷൻ കിഴക്കേ വീട്ടിലേക്കു പോകുന്നതു പാപ്പി കണ്ടു. ഒരുനുള്ളു ജീരകം വാങ്ങാനെന്ന വ്യാജേന അവൾ അവിടെ ചെന്നു: അതു ബാലനായിരുന്നു. പക്ഷേ, പാപ്പിക്ക് ഒരു നിമിഷത്തേക്ക് ആൾ തിരിച്ചറിവാൻ കഴിഞ്ഞില്ല.

ബാലൻ അവന്റെ കുടുമ മുഴുവൻ വെട്ടിക്കളഞ്ഞു ക്രാപ്പുചെയ്തു ചീകിവച്ചിരിക്കുന്നു. അവന്റെ മുഖം വെളുത്തു ചുവന്നിരിക്കുന്നു. രണ്ടുമൂന്നു മുഖക്കുരുവും കൂമ്പിയിട്ടുണ്ട്. ശബ്ദംതന്നെ മാറിപ്പോയി. അയാൾക്കു ചെരി





പ്പുണ്ട്, ശീലക്കുടയുണ്ട്. ട്രങ്കിനുള്ളിൽ കൗതുകകരമായ പല സാധനങ്ങളും കണ്ടു. ബാലന്റെ ചിരിക്കു പ്രത്യേകതയുണ്ട്.

'അമ്മേ വിശക്കുന്നല്ലോ,' എന്നു പറഞ്ഞുകൊണ്ടു ബാലൻ അടുക്കളയ്ക്കുള്ളിലേക്കു കയറി. അവിടെ പാപ്പി ഉണ്ടായിരുന്നു.

അവൾ മുട്ടുവരെ എത്തുന്ന ഒരു കരിത്തോർത്ത് ഉടുത്തിരുന്നു.

'എന്താ പാപ്പി?' ബാലൻ ചോദിച്ചു.

അവൾ ഉത്തരം പറഞ്ഞില്ല.

ആ വെക്കേഷൻ കഴിഞ്ഞു. ബാലനു തിരിച്ച് ആലപ്പുഴയ്ക്കു പോകാൻ സമയമായി. പെട്ടിയും എടുപ്പിച്ചുകൊണ്ട് അയാൾ തിരിച്ചു. ആ വരിക്കമാവിൻചുവട്ടിൽവച്ച് ആരോ വിളിച്ചു എന്നയാൾക്കു തോന്നി. അയാൾ തിരിഞ്ഞുനിന്നു. ഗന്ധർവ്വന്റെ അമ്പലത്തിനു മുൻവശത്തു മുല്ലച്ചുവട്ടിൽ പാപ്പി നില്ക്കുന്നു. അവൾ ചോദിച്ചു:

'ബാലൻ പോവുകയാണോ?'

'ഉം.'

അയാൾ നടന്നു. ബാലന്റെ ഉള്ളിൽ ചില മൃദുലങ്ങളായ ചലനങ്ങളുണ്ടായി. ആ വിളിയിൽ എന്തോ നിർവ്വചിക്കാൻ വഹിയാത്ത ഒന്ന് ഉൾക്കൊള്ളുന്നുണ്ടായിരുന്നു. അത് അശരീരിപോലെയിരുന്നു.

അടുത്ത മിഡ്സമ്മർവെക്കേഷൻകാലത്ത് ബാലൻ തിരിച്ചു വന്നു. പക്ഷേ, രണ്ടുമൂന്നു ദിവസമേ അയാൾ വീട്ടിൽ താമസിച്ചുള്ളു. അതിനുശേഷം വടക്കൻപറവൂരിൽ താമസിക്കുന്ന സഹോദരിയെ കാണുവാൻ പോയി.

ബാലൻ സ്കൂൾ ഫൈനൽക്ലാസ്സിലാണ്. ഫിഫ്ത്തുഫാറത്തിൽനിന്നും അക്കൊല്ലം ജയിച്ചു. ഒരു കൊല്ലത്തിനുശേഷം അയാൾ അക്കൊല്ലത്തെ മദ്ധ്യവേനലിനു വീട്ടിൽ വന്നു. ബാലനു പതിനേഴു വയസ്സു പ്രായമുണ്ട്.

അന്നത്തെപ്പോലെ അടുത്തകാലത്തെങ്ങും മാങ്ങ ഉണ്ടായിട്ടില്ല. നഗരത്തിൽനിന്നും വന്ന ബാലൻ ഒരു ബനിയനുമിട്ട് സായാഹ്നത്തിൽ പഴയ വരിക്കമാവിൻചുവട്ടിൽ കാറ്റുകൊള്ളുവാൻ പോകും.

അവിടെ ആ പഴയ പാട്ട് കുട്ടികൾ പാടാറുണ്ട്:

'കാറ്റേ വാ! കടലേ വാ!—'

അണ്ടിയച്ചനു പുതിയ ശേഷക്കാരുണ്ടായി. ആ കുട്ടികളുടെകൂടെ ഇന്നും പാപ്പി മാമ്പഴം വീഴുമ്പോൾ ഓടാറുണ്ട്. മാഞ്ചുവട്ടിൽനിന്നും ഒട്ടകലെയായി ബാലൻ ആഹ്ലാദകരമായ ആ കാഴ്ച നോക്കിനില്ക്കും. പാപ്പി ഇന്നും ഒരു കുട്ടിതന്നെയാണ്. മാങ്ങാ കിട്ടിയാൽ അവൾ ഞെട്ടു നുള്ളി മുകളിലേക്കിട്ടു പറയും:

'ഇച്ചെന നീ എടുത്തോണ്ടു മറുചെനമാങ്ങാ എനിക്കു താ!'

ഒരുദിവസം സന്ധ്യയ്ക്ക് ബാലൻ വരിക്കമാവിൻചുവട്ടിൽ ലാത്തിക്കൊണ്ടിരിക്കയായിരുന്നു. കുട്ടികളെല്ലാം പോയിക്കഴിഞ്ഞു. ഒരു കാറ്റുവീശി. എവിടെനിന്നെന്നറിഞ്ഞില്ല, പാപ്പി അവിടെ പ്രത്യക്ഷമായി. ഒരു മാമ്പഴം വീണു. അതവൾ എടുത്തു.

'പാപ്പി! ആ മാമ്പഴം ഇങ്ങുതരൂ. നോക്കട്ടെ!'

പാപ്പി മാമ്പഴം കൊടുത്തു.

'പാപ്പിക്കു ധാരാളം മാമ്പഴം കിട്ടാറുണ്ട് ഇല്ലേ?'

'ഞാൻ അതെല്ലാം കിഴക്കേതിൽ കൊടുക്കുകയാണല്ലോ.'

'ഓഹോ! ഇന്നും ഞാൻ മാമ്പഴപ്പച്ചടി കൂട്ടി. അതു പാപ്പിയുടെ മാമ്പഴമാണോ!'

'ബാലൻ വന്ന അന്നു ഞാൻ 150 മാമ്പഴം കൊടുത്തു. ബാലൻ 10-ാം തീയതി വരുമെന്നു ബാലന്റെ അമ്മ പറഞ്ഞു.'

ഒരു രാഗം മൂളിക്കൊണ്ട് അയാൾ അവിടെനിന്നുപോയി. ഒരു പരിമളം ബാലനിൽനിന്നും പ്രസരിച്ചു. ബാലന്റെ കൈയിലിരുന്ന കൈലേസിന്റെ അരികുകളിൽ ചിത്രവേലകൾ ചെയ്തിരിക്കുന്നു!

പാപ്പി ബാലനെ നോക്കിനിന്നു!

ആ വെക്കേഷൻകാലവും അങ്ങനെ കഴിഞ്ഞുകൂടി. ബാലൻ സ്കൂൾ ഫൈനൽ വിദ്യാർത്ഥിയാണ്. സ്കോളർഷിപ്പു കിട്ടുമെന്നുള്ള ആഗ്രഹത്തോടുകൂടി ബാലൻ പഠിക്കുകയാണ്. ഓണത്തിനോ, ക്രിസ്തുമസ്സിനോ അയാൾ വീട്ടിൽ വന്നില്ല. പബ്ളിക് എക്സാമിനേഷൻ കഴിഞ്ഞു ബാലൻ വീട്ടിൽ വന്നു.

വരിക്കമാവിൻചുവട്ടിൽ സന്ധ്യാസമയത്തു പഴയപോലെ അവർ കണ്ടുമുട്ടി. അവൾ നേരത്തെ കുളികഴിഞ്ഞു തലമുടി അഴിച്ചു പിന്നിലിട്ടിരുന്നു. ശുഭ്രമായ ഒരു ചുട്ടിപ്പുടക ഉടുത്തിരുന്നു. ബാലൻ അവളെ ഒന്നു സൂക്ഷിച്ചു നോക്കി. പാപ്പി അന്നാദ്യമായി ബാലന്റെ മുമ്പിൽവച്ച് ഒന്നു നടുങ്ങി. ഗന്ധർവ്വക്ഷേത്രത്തിന്റെ നിശ്വാസംപോലെ ഒരു ചെറുകാറ്റു വീശി; സർപ്പക്കാവിൽ ഒരു മർമ്മരശബ്ദം ഉതിർന്നു. പാപ്പിയുടെ മുഖം അവനതമായി. സ്ത്രീകളുടെ മുഖത്തെ ആകർഷകമാക്കുന്ന ലജ്ജയുടെ പ്രകടനം—ഒരു പ്രകാശമേറിയ മന്ദഹാസം—അവളുടെ മുഖത്തു കളിയാടി. ബാലൻ രണ്ടു ചുവടുകൾ മുന്നോട്ടുവച്ചു. പാപ്പിയുടെ ബാഹുക്കൾ അവളുടെ മാറത്ത് ഒരു ഗുണനചിഹ്നം രചിച്ചു. അവൾക്കു വയസ്സു പതിനെട്ടുണ്ട്.

ബാലൻ അവളുടെ കൈപിടിച്ച് ഒന്നു മെല്ലെ അമർത്തി. അവൾ മുഖമുയർത്തി. അവരുടെ ദൃഷ്ടികൾ ഇടഞ്ഞു; അടുത്തനിമിഷം ബാലന്റെ പിടി അയഞ്ഞു. അവൾ അപ്രത്യക്ഷയായി.

അടുത്ത ദിവസംമുതൽ അവൾ മാഞ്ചുവട്ടിൽ വന്നില്ല. അവൾ ഒരു റൗക്ക വേണമെന്ന് അമ്മയെ നിർബന്ധിച്ചു. ബാലനെ കാണുമ്പോൾ പാപ്പി ഓടിയൊളിക്കും.

ബാലൻ സ്കൂൾഫൈനൽ പാസ്സായി. തിരുവനന്തപുരത്തുചെന്ന് ഇന്റർമീഡിയറ്റിന് അയാൾ ചേർന്നു. അങ്ങനെ അയാളുടെ ലോകം കുറെക്കൂടി വിശാലമായി. പരിഷ്കാരികളായ സ്നേഹിതന്മാർ, നാഗരികാംഗനകൾ —ഇങ്ങനെ ആകർഷകമായ ആ ജീവിതത്തിൽ ഭൂതകാലസ്മരണകൾ കുഴിച്ചുമൂടപ്പെട്ടു. അക്കൊല്ലത്തെ വെക്കേഷൻകാലത്ത് ബാലൻ മദ്രാസിലെ ചില സ്നേഹിതന്മാരുമായി തെക്കേഇന്ത്യ മുഴുവൻ പര്യടനം നടത്തി. അടുത്ത കൊല്ലത്തിലെ ഓണത്തിന് ബാലൻ വന്നപ്പോൾ അയാളുടെകൂടെ നാലഞ്ചു സ്നേഹിതന്മാരുമുണ്ടായിരുന്നു. പാടത്തു കാറ്റുകൊള്ളുവാനായി അവർ ഇറങ്ങിയപ്പോൾ വരിക്കമാവിൻചുവട്ടിൽ പുള്ളിറൗക്കയുമിട്ടു പാപ്പി നില്ക്കുന്നത് ബാലൻ കണ്ടു.





അങ്ങനെ നാലു സംവത്സരങ്ങൾ കഴിഞ്ഞ് ബാലൻ ബി.എ. പാസ്സായി. തിരുവനന്തപുരത്ത് ഒരു വലിയ പെൻഷൻഡ് ഉദ്യോഗസ്ഥന്റെ മകളെ വിവാഹംചെയ്തു. വിവാഹത്തിനു പോയിവന്ന കരക്കാർ വധുവിന്റെ രൂപലാവണ്യത്തെക്കുറിച്ചു വളരെ വളരെ സ്തുതിച്ചു.

ഒരുദിവസം ബാലനും അയാളുടെ ഭാര്യയുംകൂടി വീട്ടിൽവന്നു. ഭാര്യയെ വീട്ടിൽ താമസിപ്പിച്ചിട്ട് അയാൾ ഇംഗ്ലണ്ടിനു പോകുകയാണ്.

ആ നാഗരികാംഗന സായാഹ്നത്തിൽ വരിക്കമാവിന്റെ ചുവട്ടിൽ വന്നുനിന്നു കാറ്റുകൊള്ളാറുണ്ട്. കുങ്കുമാഭമായ പശ്ചിമാംബരത്തിനും അപ്പുറത്തുള്ള ആ നാട്ടിൽ അവളുടെ നാഥൻ പോയിരിക്കുകയാണ്. പിരിയുന്ന അവസരത്തിൽ അദ്ദേഹം പലപല ശപഥങ്ങളും ചെയ്തിട്ടുണ്ട്. പക്ഷേ, അവളുടെ ഉൾക്കളം എപ്പോഴും ഉത്കണ്ഠാകുലമായിരുന്നു. മദാമ്മമാരുടെ പുഞ്ചിരി ഏറ്റവും മനോഹരമാണെന്നും അത് അവരെ അരുമകളാക്കുന്നു എന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. ആനന്ദം നിറഞ്ഞൊഴുകുന്ന ലണ്ടനിലെ ജീവിതത്തിനിടയിൽ തിരുവനന്തപുരത്തെ ഒരു പൊട്ടപ്പെണ്ണിനോടു ചെയ്ത ശപഥം വിസ്മൃതമായിപ്പോവുകയില്ലേ? വിദ്യാഭ്യാസമില്ല, രസികത്തമില്ല, ഭർത്താവിനെ ഒരിക്കലെങ്കിലും ആനന്ദിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അവൾ ഈശ്വരനെ പ്രാർത്ഥിച്ചു. അദ്ദേഹം എല്ലാം കൈക്കൊള്ളട്ടെ. തന്റെ എളിമത്തം പരിഹരിക്കട്ടെ.

അവൾ അയച്ച എഴുത്തുകളെല്ലാം കണ്ണുനീരിൽ എഴുതപ്പെട്ടവയായിരുന്നു. 'എന്നോടു ചെയ്ത ശപഥങ്ങൾ മറക്കരുതേ!' അവൾ എഴുതും, 'എന്റെ ഉത്കണ്ഠകളെക്കുറിച്ചു പരിഭവം തോന്നരുതേ! ഞാൻ എട്ടുംപൊട്ടും തിരിയാത്ത ഒരു പെണ്ണാണ്. എനിക്കവിടുത്തെ ഉപദേശിക്കാൻ അധികാരമില്ല! ഞാൻ എപ്പോഴും അവിടുത്തെ അഭ്യുദയത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണ്.' ഇങ്ങനെ തിരുവനന്തപുരത്തെ ആ നാഗരികാംഗന എഴുതും. ഭർത്താവിന്റെ ലാളനകൾ അവൾ ഓർക്കും. അദ്ദേഹത്തിന്റെ കറുത്ത കൂട്ടുപുരികം, അദ്ദേഹത്തിന്റെ രൂപം, അവളുടെ ഉൾക്കളത്തിൽ പ്രത്യക്ഷമാകും. അതു തന്റെ സ്വന്തം, എന്നുവെച്ചാൽ തനതുവകയാണ്.

ഇങ്ങനെ ചിന്താമഗ്നയായി നില്ക്കുന്ന അവളുടെ കണ്ണുകളിൽ ജലം നിറഞ്ഞു. അല്പം ദൂരെനിന്നു പാപ്പി അവളെ അങ്ങനെ കൗതുകം നിറഞ്ഞു നോക്കിനില്ക്കുകയാണ്. അവളുടെ ആഭരണങ്ങളും പാദംവരെ നീട്ടിയിട്ടുള്ള പുടവയുടുപ്പും എല്ലാം അവൾ അങ്ങനെ തുറിച്ചുനോക്കി നില്ക്കുകയാണ്. അവൾ ഒരു ദേവാംഗനയാണ്!

പാപ്പി സാവധാനത്തിൽ അടുത്തുചെന്നു ചോദിച്ചു:

'എന്താ കരയുന്നേ?'

ആ തിരുവനന്തപുരത്തുകാരി പാപ്പിയെ നിസ്സാരമായി ഒന്നു നോക്കുക മാത്രം ചെയ്തു.

നാലു സംവത്സരം കഴിഞ്ഞു ബാലൻ തിരിച്ചുവന്നു. അയാളെ ഹൈക്കോടതിയിൽ ഒരു ജഡ്ജിയായി നിയമിച്ചു.

ആ ഗ്രാമം തെളിഞ്ഞുപോയി. അതിന് ഒരു മഹാനായ ജഡ്ജിയുടെ ജന്മഭൂമിയാകുവാൻ ഭാഗ്യമുണ്ടായി. അവിടെക്കൂടിയാണ് ആലപ്പുഴ—തിരുവല്ലാ റോഡ് പോകുന്നത്. ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ, ഒന്നുരണ്ടു കയർഫാക്ടറികൾ—എല്ലാം ഇന്ന് അവിടെയുണ്ട്.

ആ വരിക്കമാവിന്റെ ചുവട്ടിൽ ഇന്നും പിള്ളേർ കൂടാറുണ്ട്. ആ പാട്ടുകൾ പാടാറുണ്ട്.

'കാറ്റേ വാ! കടലേ വാ!...' അതിന്റെ മഹാകവി ആരാണെന്ന് അറിഞ്ഞുകൂടാ. അപ്പൂപ്പന്മാരും അമ്മൂമ്മമാരും ഇടക്കാലത്ത്—സംഭവബഹുലമായ യൗവനകാലത്ത്—ആ വരികൾ മറന്നുപോയി. പക്ഷേ, അവർ ഇപ്പോൾ അതോർക്കുന്നു. അവർക്കും ആ കവി ഏതെന്നു പറയാവതല്ല.

ആ ഗന്ധർവ്വക്ഷേത്രം ഇടിഞ്ഞുപൊളിഞ്ഞുപോയി. വരിക്കമാവിലെ മാങ്ങാ കടുക്കാപോലെ ചെറുതായി. കുട്ടികൾ ഒരേസമയം രണ്ടു മാങ്ങാ ഒരുമിച്ചു വായിലിടും.

അന്നൊരു സായാഹ്നത്തിൽ റോഡിൽ ഒരു കാർ വന്നുനിന്നു. അതിനുള്ളിൽനിന്നും അമ്പതു വയസ്സു പ്രായംവരുന്ന ഒരാൾ താഴത്തിറങ്ങി. അദ്ദേഹത്തിന്റെ തലമുടി ആകെ നരച്ചിരുന്നു.

അത് ബാലകൃഷ്ണനായിരുന്നു. ജഡ്ജിയദ്ദേഹത്തിന്റെ പിന്നാലെ ആ നാട്ടിലെ പൗരന്മാർ വിനയപുരസ്സരം കൂടിയിരുന്നു. അവരോടു കുശലപ്രശ്നം ചെയ്തുകൊണ്ട് അദ്ദേഹം മാവിൻചുവട്ടിലേക്കു നടന്നു.

ആ പഴയ വരിക്കമാവ് ഒരു മാമ്പഴം നല്കി അദ്ദേഹത്തെ സത്കരിച്ചു. അദ്ദേഹത്തിന്റെ മുൻവശത്തുതന്നെ ഒരു മാമ്പഴം വീണു.

ചില പിള്ളേർ ആ മാമ്പഴത്തിനുനേരെ ഓടി. പക്ഷേ, അപ്പോഴേക്കും ജഡ്ജിയദ്ദേഹം അതെടുത്തുകഴിഞ്ഞു. മാമ്പഴം കൈയിലെടുത്തുകൊണ്ട് അദ്ദേഹം മുകളിലേക്കു നോക്കി. കാറ്റേറ്റു പെട്ടിക്കുലകൾ ആടുന്നു.

'ബാലാ!'

യന്ത്രങ്ങളുടെ കുഴൽവിളികൊണ്ട് ശബ്ദായമാനമായ ലണ്ടൻ, പ്രേമവതിയായ ഭാര്യയുടെ മധുരമായ ചിരികൊണ്ട് ആനന്ദമയമായ വീട്, ഗൗരവം നിറഞ്ഞ ന്യായാസനം—ഇങ്ങനെ സംഭവസംപൂർണ്ണമായ ജീവിതത്തിനിടയിലൂടെ ആനന്ദം നിറഞ്ഞ ബാല്യകാലത്തിന്റെ സന്ദേശം അദ്ദേഹത്തിന്റെ കർണ്ണപുടങ്ങളിൽ വന്നലച്ചു. ജഡ്ജി തിരിഞ്ഞുനോക്കി.

ശരീരമാകെ ഞൊറിഞ്ഞ് കേവലം അസ്ഥികൂടമായ ഒരു രൂപം അദ്ദേഹത്തെ നോക്കി ഉള്ളുകുളുർക്കെ ചിരിക്കുന്നു. ആ വായിൽ ഒരു പല്ലില്ല. ജഡ്ജി സൂക്ഷിച്ചുനോക്കി.

'ഒരുകാറ്റും കാറ്റല്ല—പെരുംകാറ്റും കാറ്റല്ല—മാവേലിക്കുന്നത്തെ കാറ്റേ വാ! കടലേ വാ! കടലേ തട്ടി ഒരു മാങ്ങായെ താ!' കുട്ടികൾ പാടുന്നു.